

# ശുചിത്വ സന്ദേശവുമായി 'ജാഗ്രതോത്സവം'




**എസ്. ഹരികിഷോർ ഐ എ എസ്**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**


കുട്ടികളുടെ കുടുംബശ്രീയായ ബാലസഭകളെക്കുറിച്ചും ബാലസഭയുടെ പ്രധാന പ്രവർത്തനങ്ങളെക്കുറിച്ചും ഇതിന് മുൻപ് (Making an Impact 20) വിശദീകരിച്ചുവല്ലോ. 2018 ൽ ആദ്യമായി നടത്തുകയും വൻ വിജയമായതിനാൽ 2019ൽ തുടരുകയും ചെയ്ത ബാലസഭയുടെ പദ്ധതിയാണ് 'ജാഗ്രതോത്സവം'.

കുട്ടികളിലൂടെ ശുചിത്വസന്ദേശം വീടുകളിലേക്കെത്തിക്കാനും ആരോഗ്യ സംരക്ഷണത്തെക്കുറിച്ചും പരിസര മലിനീകരണം കുറയ്ക്കുന്നതിനെക്കുറിച്ചും കുടുംബങ്ങളെ ബോധവാന്മാരാക്കുവാനുമാണ് ജാഗ്രതോത്സവം വിഭാവനം ചെയ്തത്. കുടുംബശ്രീയും കിലയും ശുചിത്വ മിഷനും തദ്ദേശ സ്ഥാപനങ്ങളും ഹരിത കേരള മിഷനും സംയുക്തമായാണ് ജാഗ്രതോത്സവം സംഘടിപ്പിക്കുന്നത്.



എന്താണ് ജാഗ്രതോത്സവം? ഏപ്രിൽ, മെയ് മാസങ്ങളിൽ കേരളത്തിലെ ഓരോ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള വാർഡിലും ബാലസഭാ കുട്ടികളുടെ കൂട്ടായ്മ സംഘടിപ്പിച്ചു. ഈ കുട്ടികൾക്ക് രണ്ടു ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം വാർഡ് തലത്തിൽ നൽകി. തുടർന്ന് ഓരോ കുട്ടിയും സ്വന്തം വീട്ടിലും അയൽപക്കങ്ങളിലെ ചുരുങ്ങിയത് അഞ്ചു വീടുകളിലും പോയി ശുചിത്വ ബോധവത്ക്കരണം നടത്തി. മഴക്കാല രോഗങ്ങൾ വരാതിരിക്കാൻ വേണ്ട കരുതലകളെക്കുറിച്ച് വീട്ടുകാരെ ബോധവാന്മാരാക്കി പ്രാദേശികമായി ഒരു ആരോഗ്യ, ശുചിത്വ സംസ്ക്കാരം വളർത്തിക്കൊണ്ടുവരാനും പൊതുജനങ്ങളെ ജാഗ്രതയുള്ളവരാക്കാനും ഈ പദ്ധതിക്ക് സാധിച്ചു.

2018 ഏപ്രിൽ മാസത്തിൽ കേരളത്തിലെ 16,572 വാർഡുകളിൽ ജാഗ്രത സന്ദേശമെത്തിക്കാൻ ബാലസഭാ കുട്ടികൾക്കു സാധിച്ചു. 4,90,830 കുട്ടികളാണ് ജാഗ്രതോത്സവത്തിൽ ആ വർഷം പങ്കാളികളായത്. 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ പെൻസിൽ എന്ന പേരിൽ 4,41,064 കുട്ടികളുടെ പങ്കാളിത്തത്തോടെ 13,703 വാർഡുകളിൽ ജാഗ്രതോത്സവം നടത്താനും ശുചിത്വ സന്ദേശമെത്തിക്കാനും ബാലസഭയുടെ ഈ ഉദ്യമത്തിന് സാധിച്ചു. വളരുന്ന കുട്ടികളിലേക്ക് സ്വച്ഛതാ സന്ദേശം പകരുന്നതിലൂടെ ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിനും കുടുംബശ്രീയുടെ ഈ സംയോജിത ഇടപെടലിലൂടെ, സാധിക്കുന്നു എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.